പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1686 15.02.2016 - ൽ മറുപടിയ്ക്ക്

# ആശ്വാസ കിരണം പദ്ധതി

ചോദ്യം

ശ്രീ.റ്റി.വി.രാജേഷ്

ഉത്തരം

ഡോ. എം.കെ. മുനീർ

(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കേരള സാമൂഹ്യ സുരക്ഷാമിഷൻ മുഖേന നടപ്പിലാക്കി വരുന്ന ആശ്വാസ കിരണം പദ്ധതിയുടെ വിശദാംശം നൽകാമോ; | (എ) | സംസ്ഥാനത്ത് സാമൂഹ്യ സുരക്ഷാ മിഷന്റെ കീഴിൽ 'ആശ്വാസ കിരണം' പദ്ധതി 2010 മെയ് മാസം മുതലാണ് ആരംഭിച്ചത്. ഒരു മുഴുവൻ സമയ പരിചാരകന്റെ സേവനം ആവശ്യമുള്ള അവസ്ഥയിൽ കിടപ്പിലായ രോഗികളെയും, തീവ്രമായ മാനസിക, ശാരീരിക വെല്ലുവിളി നേരിടുന്നവരെയും 100% അന്ധത ബാധിച്ചവരെയും ഗുരുതര രോഗങ്ങളുള്ളവരെയും അവരുടെ ഭവനങ്ങളിൽ പരിചരിക്കുന്നവർക്ക് പ്രതിമാസ ധനസഹായം നൽകുക എന്നതാണ് 'ആശ്വാസ കിരണം' പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യം. |
| (ബി) | സംസ്ഥാനത്ത് ആശ്വാസ കിരണം പദ്ധതിയിൽ സഹായ ധനം ലഭിക്കുന്നതിന് ലഭിച്ച എത്ര അപേക്ഷകളിന്മേൽ തീരുമാനം എടുക്കാൻ ബാക്കിയുണ്ട്; | (ബി) | സംസ്ഥാനത്തെ എല്ലാ ജില്ലകളിൽ നിന്നും പുതിയ അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. 2015 ഡിസംബർ മാസം വരെ ലഭിച്ച ഏകദേശം 20,000 ത്തോളം അപേക്ഷകൾ തീർപ്പാക്കി ഡാറ്റാ എൻട്രി നടത്തുന്നതിനായി കുടുംബശ്രീ മിഷന്റെ ഐ.റ്റി യൂണിറ്റിനെ ഏൽപ്പിച്ചിരിക്കുകയാണ്. ഡാറ്റാ എൻട്രി തീരുന്നമുറയ്ക്ക് പുതിയ അപേക്ഷകർക്ക് ധനസഹായം അർഹതപ്പെട്ട മാസം മുതൽ നൽകുന്നതാണ്. |
| (സി) | ആശ്വാസം കിരണം പദ്ധതി പ്രകാരമുള്ള സഹായ ധനം ലഭിക്കുന്നതിന് വലിയ കാലതാമസം ഉണ്ടാകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹിരക്കുന്നതിന് | | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അപേക്ഷകൾ തീർപ്പാക്കുന്നതിനായി മിഷൻ തലത്തിൽ അദാലത്തുകൾ സംഘടിപ്പിക്കുകയും 2015 ഡിസംബർ മാസം വരെ ലഭിച്ച ഏകദേശം 20,000 ത്തോളം അപേക്ഷകൾ തീർപ്പാക്കി ഡാറ്റാ എൻട്രി നടത്തുന്നതിനായി കുടുംബശ്രീ മിഷന്റെ ഐ.റ്റി യൂണിറ്റിനെ |

| | | | |
|---|---|---|---|
| | എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്? | | ഏൽപ്പിച്ചിരിക്കുകയാണ്. ഡാറ്റാ എൻട്രി തീരുന്നമുറയ്ക്ക് പുതിയ അപേക്ഷകർക്ക് ധനസഹായം അർഹതപ്പെട്ട മാസം മുതൽ നൽകുന്നതാണ്. |

**സെക്ഷൻ ഓഫീസർ**